**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.812. 07.02.2013-ൽ മറുപടിയ്ക്ക്**

## കാരുണ്യ ഫാർമസി സെന്ററുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. റ്റി. ബൽറാം:<br>ശ്രീ. വർക്കല കഹാർ:<br>ശ്രീ. വി. ഡി. സതീശൻ:<br>ശ്രീ. ലൂഡി ലൂയിസ്: | | വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | കാരുണ്യ ഫാർമസി സെന്ററുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | എ) | ഇടനിലക്കാർ ഇല്ലാതെ മരുന്നുകൾ കമ്പനികളിൽ നിന്നും നേരിട്ട് വാങ്ങി ഏറ്റവും കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനം ആരംഭിച്ചത്. 93 ശതമാനം വരെ വിലക്കുറവിൽ പ്രസ്തുത ഫാർമസികളിൽ നിന്നും മരുന്നുകൾ ലഭ്യമാണ്. |
| ബി) | സംസ്ഥാനത്തെ ഏതെല്ലാം തരം ആശുപത്രികളിലാണ് ഇവ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 24 മണിക്കൂറും, കല്ലറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 12 മണിക്കൂറും (രാവിലെ 8 മുതൽ രാത്രി 8 വരെ), കോഴിക്കോട് മെഡിക്കൽ കോളേജിൽ (പരീക്ഷണാടിസ്ഥാനത്തിൽ) രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെയും ആണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്നത്. തൃശ്ശൂർ, ആലപ്പുഴ എന്നീ മെഡിക്കൽ കോളേജുകളിൽ 24 |

| | | | |
|---|---|---|---|
| | | | മണിക്കൂറും പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ ഈ വർഷം തന്നെ ഒരു ഫാർമസിയെങ്കിലും തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു |
| സി) | എത്ര ശതമാനം വിലക്കുറവിലാണ് ഈ സെന്ററുകൾ വഴി മരുന്നുകൾ വിൽക്കുന്നത്; വിശദമാക്കുമോ; | സി) | വില നിയന്ത്രണമുള്ള മരുന്നുകൾ ഒഴികെയുള്ള മരുന്നുകൾക്ക് 93 ശതമാനം വരെ വിലക്കുറവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. |
| ഡി) | ആരുടെ നേതൃത്വത്തിലാണ് ഇത്തരം സെന്ററുകൾ പ്രവർത്തിക്കുന്നത്? | | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നേതൃത്വത്തിലാണ് ഇത്തരം സെന്ററുകൾ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ